# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 121 09/06/2014-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യസമ്പത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.എഫ്.തോമസ്:<br>ശ്രീ. മോൻസ് ജോസഫ്:<br>ശ്രീ. തോമസ് ഉണ്ണിയാടൻ:<br>ശ്രീ. റ്റി. യു. കുരുവിള: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) പ്രസ്തുത മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ബി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നിരവധി പദ്ധതികൾ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നു.<br><br>**സംസ്ഥാനാവിഷ്കൃത പദ്ധതികൾ.**<br><br>കുട്ടനാടൻ പാടശേഖരങ്ങളിലേയും കോൾ പടവുകളിലേയും ഒരു നെല്ലും ഒരു മീനും പദ്ധതി, പൊക്കാളി പാടങ്ങളിലെ പരിസ്ഥിതി സൗഹൃദ ചെമ്മീൻ കൃഷി, കൈപ്പാട് നിലങ്ങളിലെ നെൽ-ചെമ്മീൻ കൃഷി, മത്സ്യസമൃദ്ധി പദ്ധതി പ്രകാരം ആലപ്പുഴ, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ഓരുജല മത്സ്യകൃഷിയും കോട്ടയം, ആലപ്പുഴ ജില്ലകളിലെ പാടശേഖര മത്സ്യകൃഷിയും, വെള്ളായണി കായൽ സുസ്ഥിര മത്സ്യോല്പാദനവും മത്സ്യത്തൊഴിലാളികളുടെ ജീവനോപാധി മെച്ചപ്പെടുത്തലും പദ്ധതി.<br><br>**കേന്ദ്രാവിഷ്കൃത പദ്ധതികൾ**<br><br>13-ാം ധനകാര്യ കമ്മീഷൻ ധനസഹായ കുട്ടനാട് പാക്കേജ് - കാർഷിക പുനരുജ്ജീവനം - സുസ്ഥിര മത്സ്യകൃഷിയിലൂടെ പദ്ധതി, കൂടുകളിലെ മത്സ്യകൃഷി പദ്ധതി, ജലസംഭരണികളിൽ മത്സ്യ/ആറ്റ് കൊഞ്ച് കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ നിയമസഭാ മണ്ഡലത്തിലെ പൊക്കാളി പാടങ്ങളിലെ ഓരുജല മത്സ്യകൃഷി പദ്ധതി, എറണാകുളം ജില്ലയിലെ പറവൂർ നിയമസഭാ മണ്ഡലത്തിലെ പൊക്കാളി പാടങ്ങളിലെ ഓരുജല മത്സ്യകൃഷി പദ്ധതി. |

കൂടാതെ അഡാക്കിന്റെ കീഴിൽ വർക്കലയിലെ ഓടയത്ത് പ്രവർത്തിച്ചുവരുന്ന ഹാച്ചറിയിൽ നിന്നും ഗുണമേന്മയുള്ള ചെമ്മീൻ/ആറ്റു കൊഞ്ച് കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നു. അഡാക്കിന്റെ ആയിരംതെങ്ങ് ഫാമിൽ കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിച്ചു വരുന്നു. അഡാക്കിന്റെ കീഴിലുള്ള എരഞ്ഞോളി ഫാം തലശ്ശേരി, പൊയ്യ ഫാം, മാള എന്നീ ഫാമുകളിൽ മത്സ്യകൃഷി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ കായലുകൾ, നദികൾ, തടാകങ്ങൾ എന്നിവയിലെ മത്സ്യ സമ്പത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് മത്സ്യസങ്കേതങ്ങൾ (ഫിഷ് സാങ്ച്വറികൾ) സ്ഥാപിക്കുന്ന പദ്ധതി ഫിർമ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ മലമ്പുഴ പഴശ്ശി റിസർവോയറുകളിലെ കൂടുകളിലെ മത്സ്യകൃഷി, മത്സ്യവിത്തുല്പാദന കേന്ദ്രം സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. എല്ലാ വർഷവും ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി മുഖാന്തിരം ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സാമൂഹ്യ മത്സ്യകൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ആഫീസർ